<u>വിവരാവകാശം / മറുപടി</u>

നമ്പർ: E4-4900/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 17-04.2018

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

Smt. Sajina. C.S
Palaparambil (House)
Kuzhikattukonam,
Madayikonam P.O
Irinjalakuda-680712.

മാഡം,

വിഷയം: സാ.നീതി വകുപ്പ് - ജീവനക്കാര്യം - വിവരാവകാശം 2005 പ്രകാരം മറുപടി നൽകുന്നത് - സംബന്ധിച്ച്-

സൂചന: താങ്കളുടെ 3.4.18ലെ അപേക്ഷ.

2005ലെ വിവരാവകാശ നിയമ പ്രകാരം താങ്കളാവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സാമൂഹ്യനീതി വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ ഓഫീസ് അറ്റൻഡന്റ്- 30, വാച്ച്മാൻ-8, എന്നിങ്ങനെ 38 ലാസ്റ്റ് ഗ്രേഡ് തസ്തികകൾ നിലവിലുണ്ട്. നൈറ്റ് വാച്ച്മാൻ, ലാസ്കർ, വെഹിക്കിൾ ക്ലീനർ, ഗേറ്റ് കീപ്പർ, പ്യൂൺ കം വാച്ച്മാൻ ഗ്രേഡ് II, ചൗക്കീദാർ എന്നീ തസ്തികകൾ വകുപ്പിൽ നിലവിലില്ല.
2. തൃശ്ശൂർ ജില്ലയിൽ നിലവിൽ വാച്ച്മാന്റെ രണ്ട് Fresh ഒഴിവുകൾ ഉണ്ട്. ആയതിൽ ഒരൊഴിവ് 28.3.18ലെ ഇ4-97/18 നം. കത്തു പ്രകാരം തൃശ്ശൂർ PSCയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 11.4.18ൽ ഉണ്ടായ രണ്ടാമത്തെ ഒഴിവ് PSCയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
3. സാമൂഹ്യനീതി വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ നിന്നും 2018 ജനുവരി 1 മുതൽ 2018 ജൂൺ 30 വരെയുള്ള കാലയളവിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിന്നും ആരും വിരമിക്കുന്നില്ല.
4. തൃശ്ശൂർ ജില്ലയിലെ ഓഫീസുകളിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ പ്രൊമോഷൻ മുഖേന ഒഴിവ് വന്നിട്ടില്ല.

*db@18*

5. തൃശ്ശൂർ ജില്ലയിൽ 2018 ഡിസംബർ 31 വരെ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ പ്രതീക്ഷിത ഒഴിവുകൾ ഉണ്ടാകില്ല.

6. തൃശ്ശൂർ ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ താൽക്കാലികമായി ആരും ജോലി ചെയ്യുന്നില്ല.

7. സാമൂഹ്യനീതി വകുപ്പിൽ നിലവിൽ ഹെഡ് ക്വാർട്ടേഴ്സ് ഒഴിവില്ല. വനിതാ ശിശുവികസന ഡയറക്ടറേറ്റിലേയ്ക്ക് സൃഷ്ടിക്കപ്പെട്ട 4 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ ഹെഡ് ക്വാർട്ടേഴ്സ് ഒഴിവായി PSC സെക്രട്ടറിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

8. ഒഴിവുകൾ ഉണ്ടായാൽ കാലതാമസം കൂടാതെ PSCയ്ക്ക് റിപ്പോർട്ട് ചെയ്യാറുണ്ട്.

മേൽ പറഞ്ഞ മറുപടി താങ്കൾക്ക് തൃപ്തികരമല്ല എങ്കിൽ അപ്പീൽ അധികാരിയായ ശ്രീമതി. കെ.ഗീത, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ & അപ്പലേറ്റ് അതോറിറ്റി, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ്ഭവൻ, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

എസ്. രാജീവ്കുമാർ
സീനിയർ സൂപ്രണ്ട് &
സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി വകുപ്പ്

FCD 18/4/18

db@18